പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6530 | 08.11. 2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഭക്ഷണ ക്രമം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് കുതിരവട്ടത്തുള്ള സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗികൾക്ക് ദിവസം എത്ര നേരം ഭക്ഷണം നൽകുന്നുണ്ടെന്നും അവ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | എ) | 6 നേരം<br>(i) അതിരാവിലെ - ചായയും ബ്രഡ്ഡും<br>(ii) പ്രാതൽ - ഉപ്പ്മാവ്/ഇഡ്ഡലി/ദോശ/ഗോതമ്പ് കഞ്ഞി<br>(iii) രാവിലെ 10:30 ന് - പാൽ<br>(iv) ഉച്ചയ്ക്ക് - ഊണ്, (മീൻ/ഇറച്ചി/കോഴിമുട്ട/പച്ചക്കറി എന്നിവയിൽ ഏതെങ്കിലും ചേർന്നത്)<br>(v) വൈകുന്നേരം 3 മണി - ചായ<br>(vi) രാത്രി 7:30 ന് - കഞ്ഞി/ചോറ്/ചെറുപയർ/കടല |
| ബി) | പ്രസ്തുത ഭക്ഷണ ക്രമം ഏതു കാലം മുതൽ ഉള്ളതാണ്; ഇത് കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | 30 വർഷത്തോളമായി.<br>3 മാനസികാരോഗ്യ കേന്ദ്രങ്ങൾക്കും പൊതുവായി പരിഷ്ക്കരിച്ച ഒരു ഭക്ഷണ വിഭവങ്ങളുടെ പട്ടിക (മെനു) യുടെ പ്രൊപ്പോസ്സൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഹോസ്പിറ്റലിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടത്താൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സി) | ഉണ്ട്.<br>നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 400 കോടി രൂപയുടെ മാസ്റ്റർപ്ലാൻ പരിഗണനയിലാണ്. ഈ ആശുപത്രി പ്രവർത്തനം തുടങ്ങിയത് 1872-ൽ ആണ്. വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തികളുടെ ഭാഗമായി കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളും പഴയ കെട്ടിടങ്ങളിൽ ചിലത് നവീകരിക്കുകയും പുനരുദ്ധരിക്കുകയുംചെയ്തിട്ടുണ്ട് എന്നിരുന്നാലും പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയേണ്ടതും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതും മാനസിക രോഗചികിത്സാ രീതികളിലെ നൂതന പ്രവണതകൾ നടപ്പിലാക്കേണ്ടതും ആവശ്യമാണ്. ഈ കേന്ദ്രത്തിൽ ചികിത്സയ്ക്ക് എത്തുന്നരോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടിയുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ 2012-ൽ ആരംഭിക്കുകയും 1000 കിടക്കകളും (Multi face project) നൂതന സൗകര്യങ്ങളും ഉള്ള ഒരു അന്താരാഷ്ട്ര പഠനഗവേഷണ കേന്ദ്രമായി ഈ സ്ഥാപനത്തെ മാറ്റുന്നതിനുള്ള വിശദമായ ഒരു പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ മാനസിക രോഗ ചികിത്സാ രംഗത്ത് കേരളം മുന്നേറുമെന്നും പുനരധിവാസ പ്രവർത്തനങ്ങൾ കൂടുതൽ ശക്തി പ്രാപിക്കുമെന്നും അതിലൂടെ മാനസിക രോഗികളോട് സമൂഹം വെച്ചുപുലർത്തുന്ന അവജ്ഞാമനസ്ഥിതി ഒരു പരിധി വരെ കുറയ്ക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. കുട്ടികളുടെയും കൗമാര പ്രായക്കാരുടെയും മാനസിക ആരോഗ്യ പരിരക്ഷ, വൃദ്ധജനങ്ങളുടെ മാനസിക ആരോഗ്യ പരിരക്ഷ, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ട ആളുകളുടെ ചികിത്സ, പ്രത്യേക ന്യൂറോളജി വിഭാഗം എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | 2016 - 17 ലെ ബജറ്റ് പ്രസംഗത്തിൽ (പുതുക്കിയ ബജറ്റ്) കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയിലെ പ്രത്യേക വിപുലീകരണ പദ്ധതിയിലേയ്ക്ക് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ